# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

*ഫോൺ:* 0481-2733370


**വാർത്താക്കുറിപ്പ്**

**2026 ഫെബ്രുവരി 9**

---

## എം.ജി. സർവകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ഭാരവാഹികൾ ചുമതലയേറ്റു

*മഹാത്മാഗാന്ധി സർവകലാശാലയിലെ 2025-26 വർഷത്തെ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ഭാരവാഹികൾ ചുമതലയേന്നു. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസിൽ നടന്ന ചടങ്ങിൽ പരീക്ഷാ കൺട്രോളർ ഡോ. ശ്രീജിത്ത് സി.എം. സത്യവാചകം ചൊല്ലിക്കൊടുത്തു. സ്റ്റുഡന്റ്സ് വെൽഫെയർ ഡയറക്ടർ ഡോ. ഏബ്രഹാം കെ. സാമുവൽ അധ്യക്ഷത വഹിച്ചു.*

**ഫോട്ടോ ക്യാപ്ഷൻ:**

*മഹാത്മാഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞയ്ക്ക് ശേഷം പരീക്ഷാ കൺട്രോളർ ഡോ. ശ്രീജിത്ത്.എം, ഡി.എസ്.ഡബ്ലിയു ഡയറക്ടർ ഡോ. ഏബ്രഹാം കെ. സാമുവൽ, സെനറ്റ് മെമ്പർ ഡോ. ബിജു എം.കെ എന്നിവർക്കൊപ്പം.*

*(പി.ആർ.ഓ/39/120/2026)*

## പ്ലംബർ; വാക്ക്-ഇൻ-ഇന്റർവ്യൂ

*മഹാത്മാഗാന്ധി സർവകലാശാലയിൽ പ്ലംബർ തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ താല്ക്കാലിക നിയമനത്തിനുള്ള വാക്ക്-ഇൻ-ഇന്റർവ്യൂ ഫെബ്രുവരി 19-ന് രാവിലെ 11ന് വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും. 90 ദിവസത്തേക്കോ അല്ലെങ്കിൽ പി.എസ്.സി/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പുതിയ ഉദ്യോഗാർത്ഥി നിയമിതനാകുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ആയിരിക്കും നിയമനം. പ്രതിദിന വേതനം 700 രൂപ.*

*പത്താം ക്ലാസ് യോഗ്യതയും പ്ലംബിംഗിൽ ഐ.ടി.ഐ/നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും ഉള്ളവർക്ക് പങ്കെടുക്കാം. പ്രായപരിധി: 18 - 40 വയസ്സ്. താല്പര്യമുള്ളവർ തിരിച്ചറിയൽ രേഖയും സർട്ടിഫിക്കറ്റുകളുടെ അസ്സലും സഹിതം രാവിലെ 9-ന് സർവകലാശാല ഭരണവിഭാഗത്തിലെ എ.ഡി.എ 4 സെക്ഷനിൽ*

*റിപ്പോർട്ട് ചെയ്യണം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ* www.mgu.ac.in.

*(പി.ആർ.ഓ/39/121/2026)*

## <u>വൈവ</u>

*ഒന്നാം സെമസ്റ്റർ എംബിഎ (2022, 2023 അഡ്മിഷനുകൾ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2019, 2020 അഡ്മിഷനുകൾ രണ്ടാം മേഴ്സി ചാൻസ്) ഡിസംബർ 2025 ന്റെ കോഴ്സ് വൈവ ഫെബ്രുവരി 18ന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഓ/39/122/2026)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**